# കേരള കൃഷി വകുപ്പ്

## ദർഘാസ് പരസ്യം

നം. എഇ(2)754/12

തീയതി : 06.12.2012

കേരള ഗവർണ്ണർക്ക് വേണ്ടി കൊല്ലം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവർത്തികൾക്ക് അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ മുദ്രവെച്ച കവറുകളിൽ ക്ഷണിച്ചു കൊള്ളുന്നു.

കവറിന്റെ പുറത്ത് പ്രവർത്തിയുടെ പേര് എഴുതിയിരിക്കേണ്ടതാണ്. ദർഘാസുകൾ **10.01.2012.** വൈകുന്നേരം **3.00** മണിവരെ ഈ ആഫീസിൽ സ്വീകരിക്കുന്നതും അന്നേദിവസം വൈകുന്നേരം **3.30** ന് ഹാജരുള്ള കരാറുകാരുടേയോ അവർ രേഖാമൂലം അധികാരപ്പെടുത്തുന്ന ഏജന്റുമാരുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. പ്രസ്തുത ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസം ആയിരുന്നാൽ അടുത്ത ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും തുറക്കുന്നതാണ്. പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും | നിരത ദ്രവ്യം | ടെണ്ടർ ഫാറത്തിൻെ വില | പണിതീർക്കേണ്ട കാലാവധി |
|---|---|---|---|---|
| 1. | **അഞ്ചൽ ജില്ലാ കൃഷിത്തോട്ടത്തിൽ ജലസേചന സൗകര്യമൊരുക്കൽ**<br>**അടങ്കൽ തുക : 3,00,000/-** | 7,500 | 600+Vat | 1 മാസം |
| 2. | **കൊട്ടാരക്കര സ്റ്റേറ്റ് സീഡ് ഫാമിൽ ഷെയിഡ് ഹൗസ്**<br>**അടങ്കൽ തുക : 2,00,000/-** | 5,000/- | 400 + Vat | 1 മാസം. |

ദർഘാസ് പ്രമാണം കൊല്ലം കുരീപ്പുഴയിലുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ദർഘാസ് ദിവസം പകൽ **1** മണിവരെ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ സമർപ്പിക്കേണ്ടതും നിശ്ചിത വില്പന നികുതിയടക്കം ഈ ഓഫീസിൽ അടച്ച് രസീതു വാങ്ങേണ്ടതുമാണ്. ദർഘാസ് പ്രമാണത്തിൻെറ അധിക പകർപ്പിന് പ്രത്യേക വില അടയ്ക്കേണ്ടതാണ്. ദർഘാസ് പത്രികയുടെ വില യാതൊരു കാരണവശാലും മടക്കി കൊടുക്കുന്നതല്ല. ദർഘാസ് പത്രിക അംഗീകൃത കരാറുകാർക്ക്.മാത്രം ലഭിക്കുന്നതും ആയത് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതുമാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) എന്ന പേരിലടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരത ദ്രവ്യമായി ദർഘാസിനൊപ്പം സമർപ്പിക്കേണ്ടതാണ്. നിശ്ചിത നിരത ദ്രവ്യം ഇല്ലാത്തതും താമസിച്ചു ലഭിക്കുന്നതുമായ ദർഘാസുകൾ നിരസിക്കുന്നതുമാണ്. ദർഘാസിനൊടൊപ്പം പ്രാഥമിക കരാർ **100** രൂപാ മുദ്രപത്രത്തിൽ നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്. പൊതുമരാമത്ത് വകുപ്പിൽ ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(കൃഷി)

കൊല്ലം-3

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കൃഷി) യുടെ
കാര്യാലയം, കാവനാട് പി.ഒ, കൊല്ലം-3
**ഫോൺ: 2795434**